Talented Bankers Literary Panel
പുസ്തക പരിചയം 204

പുസ്തകം പരിചയപ്പെടുത്തുന്നത്, ജോഫി ജോൺ,
ബാങ്ക് ഓഫ് ഇന്ത്യ,
സോണൽ ഓഫീസ്,
കേരള സോൺ,
എറണാകുളം.

ഋതുഭേദങ്ങളുടെ പാരിതോഷികം
പത്മരാജൻ (നോവൽ)

ഇന്നും നമ്മോടൊപ്പം ജീവിക്കുന്നു എന്നു നമുക്ക് തോന്നുന്ന ഒരു പ്രതിഭയാണ് ശ്രീ പത്മരാജൻ. നമ്മുടെ പ്രിയപ്പെട്ട പപ്പേട്ടൻ ഒരു പക്ഷെ അദ്ദേഹത്തെ പലപ്പോഴും തൂവാനത്തുമ്പികൾ എന്ന ഒരു സിനിമയിലേക്കു മാത്രം പുതു തലമുറ കൊണ്ടെത്തിക്കുന്നു എന്നു തോന്നിട്ടുണ്ട് . പത്മരാജൻ ഒരു കടലാണ്.... വായിച്ചാലും വായിച്ചാലും നിഗൂഢതകളുടെ ആഴങ്ങളിലേക്ക് വായനക്കാരനെ വലിച്ചു കൊണ്ട് പോകുന്ന കടൽ. അദ്ദേഹത്തിന്റെ നോവലുകൾ, ചെറുകഥകൾ, സിനിമകൾ എല്ലാം ഒരു പുതുമഴയായി ഇന്നും വായനക്കാരുടെ മനസിലേക്കു പെയ്തു കൊണ്ടിരിക്കുന്നു.

ഈ നോവലിൽ കഥ തുടങ്ങുന്നത് റോഡരികിൽ നിൽക്കുന്ന ഒരു പഴയ ബംഗ്ളാവിൽ നിന്നാണ്. അവിടെ ജനലരികിൽ ഇരുട്ടും വെയിലും തമ്മിലുള്ള യുദ്ധങ്ങൾ എണ്ണി നീക്കി ജീവിക്കുന്ന ഒരു യുവാവ് ആണ് ബാബു . അയാളുടെ മനസ്സിലെ സഞ്ചാരങ്ങളിലൂടെയാണ് നോവൽ നീങ്ങുന്നത് . ബാബുവിന് ഏറ്റവും കൂടതൽ അടുപ്പം ആ ബംഗ്ലാവിൽ വെച്ചു മരിച്ച നിർമ്മലയുടെ ആത്മാവിനോടാണ്. അവരോടാണ് ബാബു തന്റെ മനസ്സു തുറക്കുന്നത്.

ബാബു എന്ന സ്നേഹം നിഷേധിക്കപ്പെട്ട യുവാവിന്റ മാസ്മരിക ലോകത്തിൽ കൂടെ വായനക്കാരൻ സഞ്ചിരിക്കുന്നു. ഓരോ പേജിലും എഴുത്തിന്റെ പുതുമയും നമ്മുടെ ചുറ്റും കാണുന്ന പ്രക്രതിയെ മനുഷ്യരുടെ ജീവിതാനുഭവങ്ങളുമായി കോർത്തിണക്കി വെച്ചിരിക്കുന്നു താളം തെറ്റിയ ദാമ്പത്യം ആണ് ബാബുവിന്റെ മാതാപിതാക്കളുടേത് .അച്ഛൻ വേറെ ഒരു യുവതിയുമായി അടുപ്പത്തിലാവുകയും അത് പരസ്യമായി സഹിച്ചു കൊണ്ട്
നെടുവീർപ്പുകളിലും കരച്ചിലിലും ഒതുങ്ങുന്ന അയാളുടെ അമ്മയിൽ അടിച്ചമർത്തപ്പെട്ട ഒരു വീട്ടമ്മയുടെ സകല പരിഭവങ്ങളും പ്രതികരണ ശേഷി നഷ്ടപെട്ട സ്ത്രീ കഥാപാത്രത്തെയും കാണാൻ കഴിയും .

സ്നേഹം നിഷേധിക്കപ്പെട്ട് മനസിന്റെ താളം തെറ്റിയ മനുഷ്യരെ കൊണ്ട്

നിറഞ്ഞ ഭ്രാന്താശുപത്രി. അവിടെ സ്നേഹിക്കാൻ മാത്രം അറിയാവുന്ന ഡോക്ടറുടെ മകൾ. ആ കുഞ്ഞും ബാബും തമ്മിൽ ആത്മാർത്ഥമായ സൗഹൃദത്തിൽ ഒഴുകി നടക്കുന്നു. ആ കുഞ്ഞിന്റെ സ്നേഹം അയാളെ തിരികെ ജീവിതത്തിലേക്ക് എത്തിക്കുന്നു .
താളം തെറ്റിയ ദാമ്പത്യവും നിഗൂഢതകൾ ഉറങ്ങുന്ന മനസ്സും വായനക്കാരനെ
ഓരോ അദ്ധ്യായം കഴിയുമ്പോഴും ബാബുവുമായി ഒരു ആത്മബന്ധത്തിൽ എത്തിക്കുന്നു.
പത്മരാജൻ ക്ലാസിക്സിൽ അത്ഭുതം എന്നു പറയാവുന്ന ഒരു നോവൽ.

നോവൽ : ഋതുഭേദങ്ങളുടെ പാരിതോഷികം

എഴുതിയത് : ശ്രീ. പത്മരാജൻ
പ്രസാധകർ :കറന്റ് ബുക്ക്സ്
വില : 110